ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.04.2024**

## പ്രധാനവാർത്തകൾ

01. രാജ്യത്ത് അടുത്ത ഘട്ടങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. പ്രധാനമന്ത്രിയും ബി.ജെ.പി യുടെ മുതിർന്ന നേതാവുമായ നരേന്ദ്രമോദി മഹാരാഷ്ട്രയിൽ തിരഞ്ഞെടുപ്പു റാലി അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി ഇന്ന് മധ്യപ്രദേശിൽ.
02. സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം സർവകാല റെക്കോർഡിൽ. ലോഡ്ഷെഡ്ഡിംഗ് വേണമെന്ന ആവശ്യവുമായി കെ.എസ്.ഇ.ബി.
03. പൂക്കോട് വെറ്ററിനറി സർവ്വകലാശാലാ വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണത്തിൽ റിമാൻഡിലുള്ള ഏഴു പ്രതികളുടെ ജാമ്യാപേക്ഷ ഇന്ന് ഹൈക്കോടതി പരിഗണിക്കും.
04. കേരളം അത്യുഷ്ണത്തിന്റെ പിടിയിൽ. ഉഷ്ണതരംഗം മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കർശന ജാഗ്രത.
05. ഇന്ത്യ- ബംഗ്ലാദേശ് വനിതാ ടി- ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഐ.പി.എൽ ക്രിക്കറ്റിൽ ലഖ്നൗ - മുംബൈ പോരാട്ടം.

RIJU TVPM

************************

## തിരഞ്ഞെടുപ്പ് പ്രചാരണം

രാജ്യത്ത് വരുംഘട്ടങ്ങളിലേയ്ക്കുള്ള ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജിതമാക്കി മുന്നണികൾ. പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്രമോദി മഹാരാഷ്ട്രയിലെ മാഢയിൽ തിരഞ്ഞെടുപ്പു റാലിയെ അഭിസംബോധന ചെയ്തു. സംസ്ഥാനത്തെ ലാത്തൂരിലും ഒസ്മാനാബാദിലും തെലങ്കാനയിലും വിവിധ തിരഞ്ഞെടുപ്പ് സമ്മേളനങ്ങളെ അദ്ദേഹം ഇന്ന് അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി മധ്യപ്രദേശിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. മുൻ കേന്ദ്രമന്ത്രി സുഷമാ സ്വരാജിന്റെ മകളും ന്യൂഡൽഹി മണ്ഡലത്തിലെ ബി.ജെ.പി സ്ഥാനാർത്ഥിയുമായ ബൻസുരി സ്വരാജ് ഇന്ന് നാമനിർദ്ദേശപത്രിക സമർപ്പിച്ചു.

RNU TVPM

************************

## കെ.എസ്.ഇ.ബി

സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് വേണമെന്ന് കെഎസ് ഇ ബി സർക്കാരിനോട് ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം വർധിച്ച സാഹചര്യത്തിലാണ് കെ എസ് ഇ ബി യുടെ നിർദേശം. ഇതു വരെ 700 ലധികം ട്രാൻസ്ഫോർമറുകൾക്ക് തകരാർ സംഭവിച്ചുവെന്നും ഓവർ ലോഡ് കാരണമാണ് പലയിടത്തും അപ്രഖ്യാപിത ലോഡ് ഷെഡിങ് ഏർപ്പെടുത്തുന്നതെന്നും കെ എസ് ഇ ബി വ്യക്തമാക്കി. നിലവിലെ സാഹചര്യം ചർച്ച ചെയ്യാൻ കെ എസ് ഇ ബി ഉന്നത തല യോഗം ചേരും. അതേ സമയം സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം സർവകാല റെക്കോർഡിൽ എത്തി. ഇന്നലെ മാത്രം 11.31 കോടി യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉപയോഗിച്ചത്.

************************

## ഇടുക്കി-വൈദ്യുതി

ഇടുക്കി ജില്ലയിലെ വൈദ്യുതി മുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇന്ന് വൈദ്യുതി ബോർഡിലെ ഉന്നത ഉദ്യോഗസ്ഥൻമാരുമായി അന്വേഷണ ഉദ്യോഗസ്ഥൻ ചർച്ച നടത്തി. ജില്ലയിലെ പല പ്രദേശങ്ങളിലും വൈദ്യുതി മുടങ്ങുന്നതും വോൾട്ടേജ് ക്ഷാമവും ചൂണ്ടിക്കാട്ടി നിരവധി പരാതികൾ ഉയർന്നതിനെ തുടർന്നാണ് നടപടി. തൊടുപുഴ നഗര പ്രദേശം, കുമ്മംകല്ല്, ദേവികുളം, വട്ടവട, കട്ടപ്പന എന്നിവിടങ്ങളിലും അതിർത്തി മേഖലകളിലും പരാതികൾ റിപ്പോർട്ട് ചെയ്യതിന് പിന്നാലെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രാഥമിക അന്വേഷണത്തിന് നിർദ്ദേശിക്കുകയായിരുന്നു.

************************

## സിദ്ധാർത്ഥന്റെ മരണം

RNU TVPM

പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണത്തിൽ റിമാൻഡിൽ ഉള്ള ഏഴ് പ്രതികളുടെ ജാമ്യാപേക്ഷ ഹൈക്കോടതി ഇന്ന് പരിഗണിക്കും. കീഴ്ക്കോടതി ജാമ്യഹർജി തള്ളിയ സാഹചര്യത്തിലാണ് പ്രതികൾ ഹൈക്കോടതിയെ സമീപിച്ചത്. കേസിൽ പ്രതി കളുടെ സ്വാഭാവിക ജാമ്യം തടയാൻ സിബിഐ ആദ്യഘട്ട കുറ്റപത്രം നൽകിയിട്ടുണ്ട്.

************************

## കേരളം-ചൂട് (ഇൻട്രോ)

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. മൂന്ന് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാവകുപ്പ് ഉഷ്ണതരംഗ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. വിവിധ ജില്ലകളിൽ കാലാവസ്ഥാവകുപ്പ് ഓറഞ്ച്, മഞ്ഞ അലെർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വിശദാംശങ്ങളിലേയ്ക്ക്....

## കേരളം ചൂട് (വോയിസ്)

കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിലാണ് ഉഷ്ണതരംഗ മുന്നറിയിപ്പുള്ളത്. പാലക്കാട് ജില്ലയിൽ ഓറഞ്ച് ജാഗ്രതയാണ്. അടുത്ത മാസം രണ്ട് വരെ ജില്ലയിൽ കനത്ത ജാഗ്രത തുടരുമെന്ന് കാലാവസ്ഥാവകുപ്പ് അറിയിച്ചു.കൊല്ലം, തൃശൂർ ജില്ലകളിലും ഉഷ്ണതരംഗ മുന്നറിയിപ്പുണ്ട്. ഇടുക്കി, വയനാട് ഒഴികെയുള്ള പന്ത്രണ്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. പാലക്കാട് താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും തൃശൂർ ജില്ലയിൽ 40 ഡിഗ്രി വരെയും കൊല്ലം, ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ 39 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെയ് രണ്ട് വരെ അടച്ചിടും. ഉഷ്ണതരംഗ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അങ്കണവാടികൾക്ക് ഒരാഴ്ച അവധി പ്രഖ്യാപിച്ചിരുന്നു. അങ്കണവാടികൾക്ക് അവധിയായിരിക്കുമെങ്കിലും കുട്ടികൾക്ക് നൽകേണ്ട സപ്ലിമെന്ററി ന്യൂട്രീഷൻ വീടുകളിൽ എത്തിക്കാൻ വനിതാ ശിശു വികസന വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഐ.ടി.ഐ കൾക്കും ഇന്നു മുതൽ മെയ് നാലുവരെ അവധിയായിരിക്കും. വെയിലത്ത് ജോലി ചെയ്യുന്നവരുടെ തൊഴിൽ സമയ ക്രമീകരണം 15 വരെ നീട്ടിയിട്ടുണ്ട്. രാവിലെ 11 മുതൽ വൈകിട്ട് മൂന്നു മണിവരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രമിക്കണമെന്നാണ് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്.

ന്യൂസ് ഡെസ്ക് ആകാശവാണി......

*************************

RNU TVPM

## പക്ഷിപ്പനി-ആലപ്പുഴ

ആലപ്പുഴ ജില്ലയിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശങ്ങളിൽ താറാവുകളെയും മറ്റ് പക്ഷികളെയും കൂട്ടത്തോടെ കൊന്ന് മറവുചെയ്യുന്ന നടപടിയ്ക്ക് തുടക്കമായി. എടത്വ പഞ്ചായത്ത് പത്താം വാർഡിലും അമ്പലപ്പുഴ വടക്കു പഞ്ചായത്ത് ഏഴാം വാർഡിലും തകഴി ഗ്രാമപഞ്ചായത്ത് നാലാം വാർഡിലുമായി 45,631 പക്ഷികളെയാണ് നശിപ്പിക്കുന്നത്. ഇതിനായി ദ്രുത കർമ്മ സേനയെ നിയോഗിച്ചുണ്ട്.

************************

## മണിപ്പൂർ-വോട്ടെടുപ്പ്

ഔട്ടർ മണിപ്പൂർ ലോക്സഭാ മണ്ഡലത്തിലെ ആറ് പോളിംഗ് സ്റ്റേഷനുകളിൽ ഇന്ന് വീണ്ടും വോട്ടെടുപ്പ്. ഉഖ്റുൽ ജില്ലയിലെ അഞ്ച് പോളിംഗ് സ്റ്റേഷനുകളിലും സേനാപതി ജില്ലയിലെ ഒരിടത്തുമാണ് ഇന്ന് രാവിലെ ഏഴു മുതൽ വൈകിട്ട് നാല് മണി വരെ വോട്ടെടുപ്പ് നടക്കുന്നത്. റീപോളിംഗ് നടക്കുന്ന ആറിടങ്ങളിൽ ഈ മാസം 26 നാണ് വോട്ടെടുപ്പ് നടന്നത്.

RNU TVPM

************************

## അരവിന്ദ് കെജ്‌രിവാൾ

മദ്യനയ അഴിമതിക്കേസിൽ ഇ.ഡി അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജിയിൽ സുപ്രീംകോടതിയിൽ ഇന്നും വാദം തുടരും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയുമാണ് കേസിൽ ഇന്നലെ വാദം കേട്ടത്. അറസ്റ്റ് നിയമവിരുദ്ധമാണെന്ന വാദമാണ് കെജ്‌രിവാളിൻറെ അഭിഭാഷകൻ അഭിഷേക് മനു സിംഗ്‌വി കോടതിയിൽ ഉയർത്തിയത്.

************************

## കണ്ണൂർ വിമാനം-ഇൻട്രോ

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് നാളെ

മുതൽ കൂടുതൽ അന്താരാഷ്ട്ര സർവീസുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

(വോയിസ്)

************************

## കെ.എസ്.ആർ.ടി.സി -മേയർ

തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രനോട് കെ എസ് ആർ ടി സി ഡ്രൈവർ മോശമായി പെരുമാറിയെന്ന പരാതിയിൽ കെ എസ് ആർ ടി സി എം ഡി ഗതാഗതമന്ത്രിക്ക് ഇന്ന് റിപ്പോർട്ട് നൽകും. കെ എസ് ആർ ടി സി വിജിലൻസ് വിഭാഗമാണ് മേയറുടെ പരാതിയിൽ പരിശോധന നടത്തുന്നത്.

PIU TVPM

ഡ്രൈവർക്കെതിരെ വിശദമായി അന്വേഷണം നടത്തിയശേഷം നടപടി സംബന്ധിച്ച് തീരുമാനം മതിയെന്നാണ് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാറിന്റെ നിർദേശം. അതേസമയം മേയർക്കെതിരെ കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് നഗരസഭയ്ക്ക് മുന്നിൽ പ്രതിഷേധംനടത്തി.

************************

## വനിതാ ടി-20

ഇന്ത്യ- ബംഗ്ലാദേശ് വനിതാ ടി- ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഉച്ചകഴിഞ്ഞ് 3.30 ന് ബംഗ്ലാദേശിലെ സിൽഹെട്ട് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ വിജയിച്ചിരുന്നു.

************************

## ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർജയന്റ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 ന് ഏകനാ സ്പോർട്ട്സ് സിറ്റി സ്റ്റേഡിയത്തിലാണ് മത്സരം.

************************

## നാവികസേനാ മേധാവി

ഇന്ത്യൻ നാവികസേനാ മേധാവിയായ ആദ്യ മലയാളി അഡ്മിറൽ ആർ.ഹരികുമാർ ഇന്ന് വിരമിക്കും. 2021 നവംബർ 30 ന് മുൻ അഡ്മിറൽ കരംസിംഗ് സ്ഥാനമൊഴിഞ്ഞതിനെ തുടർന്നാണ് വെസ്റ്റേൺ നേവൽ കമാൻഡിൽ ഫ്ലാഗ് ഓഫീസർ കമാൻഡിംഗ് ചീഫായിരുന്ന ആർ.ഹരികുമാർ സേനാ മേധാവിയായി ചുമതലയേറ്റത്. പുതിയ നാവികസേനാ മേധാവിയായി വൈസ് അഡ്മിറൽ ദിനേഷ് കുമാർ ത്രിപാഠി ചുമതലയേൽക്കും.

RNU TVPM

************************

## ട്രയിനുകൾ റദ്ദാക്കി

ഇന്ത്യൻ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിൽ അറ്റകുറ്റപ്പണികൾക്കായുള്ള ഗതാഗത നിയന്ത്രണത്തെ തുടർന്ന് ചില ട്രെയിനുകൾ റദ്ദാക്കി. നാളെ രാവിലെ 7.45 ന് എറണാകുളത്ത് നിന്ന് കോട്ടയം വരെ പോകുന്ന സ്പെഷ്യൽ പാസഞ്ചർ ട്രെയിനും, വൈകിട്ട് 5.20 ന് കോട്ടയത്ത് നിന്നും എറണാകുളത്തേക്ക് തിരിച്ചുമുള്ള ട്രെയിനും റദ്ദാക്കി. ഇന്ന് വൈകിട്ട് 5.40 ന് എറണാകുളത്ത് നിന്നും ഷൊർണൂർ വരെ പോകുന്ന മെമുവും നാളെ വെളുപ്പിന് 4.30 ന് ഷൊർണൂർ നിന്ന് തിരിച്ച് എറണാകുളം പോകുന്ന ട്രെയിനും റദ്ദാക്കിയിട്ടുണ്ട്. നാളെ

രാത്രി 11.15 ന് ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ഗുരുവായൂർ - ചെന്നൈ എഗ്മോർ എക്സ്പ്രസ്സ് ചേർത്തല, ആലപ്പുഴ സ്റ്റോപ്പുകളിൽ പോകാതെ കോട്ടയം വഴി തിരിച്ചു വിടും. ഇന്നും നാളെയുമുള്ള മറ്റ് ചില ട്രെയിനുകൾ ഭാഗികമായി റദ്ദാക്കിയിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചു.

************************

## തൊടുപുഴ -പുലി

ഇടുക്കി ജില്ലയിൽ തൊടുപുഴ നഗരസഭാ അതിർത്തിയിലെ പാറക്കടവ് മഞ്ഞമാവ് പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചു. നാട്ടുകാരിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പൊലീസും വനം വകുപ്പുദ്യോഗസ്ഥരും പ്രദേശത്ത് പരിശോധന നടത്തി. മുട്ടം - കരിങ്കുന്നം പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ ഇല്ലിചാരിയിലെ ക്യാമറയിൽ പതിഞ്ഞ പുലിയാണ് മഞ്ഞമാവിലും

എത്തിയതെന്നാണ് നിഗമനം.

RNU TVPM

************************

## ആർ.ശങ്കർ

മുൻ മുഖ്യമന്ത്രി ആർ ശങ്കറിന്റെ 115 ആം ജന്മ വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം പാളയത്തെ ആർ ശങ്കർ പ്രതിമയിൽ മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പുഷ്പാർച്ചന നടത്തി. കെപിസിസി ആക്ടിംഗ് പ്രസിഡന്റ് എംഎം ഹസൻ മുൻ പ്രസിഡന്റ് വി എം സുധീരൻ, ആർ ശങ്കർ ഫൗണ്ടേഷൻ പ്രസിഡന്റ് ടി ശരത്ചന്ദ്രപ്രസാദ് തുടങ്ങിയവർ സംബന്ധിച്ചു.

************************

## ലക്ഷദ്വീപ് - മെഡിക്കൽ ക്യാമ്പ്

ഇന്ത്യൻ തീരസംരക്ഷണ സേനയുടെ നേതൃത്വത്തിൽ ഡൽഹി എയിംസും (AIIMS) ലക്ഷദ്വീപ് ആരോഗ്യ വകുപ്പുമായി സഹകരിച്ച് കവരത്തി, അന്ത്രോത്ത് ദ്വീപുകളിലായി രണ്ട് ദിവസത്തെ മൾട്ടി സ്പെഷാലിറ്റി മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. ശിശു, നേത്ര, ത്വക്ക് രോഗം തുടങ്ങി വിവിധ വിഭാഗങ്ങളിൽ നിന്നായി 15 ഓളം വിദഗ്ദ്ധ ഡോക്ടർമാരും പാരാ മെഡിക്കൽ

സംഘവുമാണ് മെഡിക്കൽ ക്യാമ്പ് സംഘത്തിൽ ഉള്ളത്.

*************************

## കണ്ണൂർ - അപകടം

കണ്ണൂർ ചെറുകുന്നിനടുത്ത് പുന്നച്ചേരിയിൽ കാറും ലോറിയും കൂട്ടിയിടിച്ച് അഞ്ചു പേർ മരിച്ചു. കാറിലുണ്ടായിരുന്ന കാസർകോട് നീലേശ്വരം സ്വദേശി കെ.എൻ.പദ്മകുമാർ, കണ്ണൂർ കരിവെള്ളൂർ സ്വദേശി കൃഷ്ണൻ, കൃഷ്ണന്റെ മകൾ അജിത, അജിതയുടെ ഭർത്താവ് ചിറ്റാരിക്കാലിൽ സുധാകരൻ, ആകാശ് എന്നിവരാണ് മരിച്ചത്.

*************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 259 പോയിന്റ് ഉയർന്ന് 74,930 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 88 പോയിന്റ് നേട്ടത്തിൽ 22,732 ലും വ്യാപാരം തുടരുന്നു.
സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 6,655 രൂപയും പവന് 53,240 രൂപയുമാണ് ഇന്നത്തെ വില.

***********************************************************************************

RNUTVPM